# Malayala Manorama

# 17 August 2018

# Thiruvananthapuram: Flood, Relief activates, Relief Fund



## കേരളത്തിന് സഹായപ്രവാഹം

### എം.എ. യൂസഫലി അഞ്ചു കോടി നൽകി

- ലുലു ഗ്രൂപ്പ് ചെയർമാനും എംഡിയുമായ എം.എ.യൂസഫലി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അഞ്ചു കോടി രൂപ നൽകി. കഴിഞ്ഞയാഴ്ച രണ്ടു കോടി നൽകിയിരുന്നു.
- മിസോറം ഗവർണർ കുമ്മനം രാജശേഖരൻ ഒരു ലക്ഷം രൂപ നൽകി.
- പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഒരു മാസത്തെ ശമ്പളം നൽകി.
- മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഒരു മാസത്തെ ശമ്പളത്തുകയായ 90,512 രൂപ നിധിയിലേക്കു നൽകി. മന്ത്രി കെ.കെ.ശൈലജ, എം. പി. വീരേന്ദ്രകുമാർ എംപി തുടങ്ങിയവരും ഒരു മാസത്തെ ശമ്പളം നൽകും.
- ആസ്റ്റർ ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും എംഡിയുമായ ഡോ. ആസാദ് മൂപ്പൻ 50 ലക്ഷം രൂപ നൽകും.
- ഡിഎംകെ ഒരു കോടി രൂപ കൈമാറി.
- മക്കൾ നീതി മയ്യം നേതാവ് കമൽഹാസൻ 25 ലക്ഷം രൂപ കൈമാറി.
- തമിഴ്നാട്ടിലെ പ്രമുഖ ടിവി ചാനൽ വിജയ് ടിവി 25 ലക്ഷം രൂപ കൈമാറി.
- ഇതരസംസ്ഥാനങ്ങളിലെയും ഗൾഫിലെയും ഒട്ടേറെ മലയാളി സംഘടനകൾ ഓണാഘോഷം റദ്ദാക്കി, കേരളത്തിനു സഹായധനം കൈമാറും.
- തമിഴ് സിനിമാതാരങ്ങളുടെ കൂട്ടായ്മയായ തെന്നിന്ത്യൻ നടികർ സംഘം അഞ്ചുലക്ഷം രൂപ നൽകി.
- മാന്ത്രികൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള മാജിക് പ്ലാനറ്റിലെ ഒരു ദിവസത്തെ സന്ദർശകരിൽ നിന്നുള്ള വരുമാനവും ജീവനക്കാരുടെ ശമ്പളവും നൽകും.
- ഓൾ കേരള റീടെയ്ൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ ആദ്യഗഡുവായി 10 ലക്ഷം രൂപ റേഷൻ വ്യാപാരികളിൽനിന്നു സ്വരൂപിച്ചു നൽകും.
- ഉജാല നിർമാതാക്കളായ മുംബൈ ജ്യോതി ലബോറട്ടറീസ് എംഡി: എം. പി. രാമചന്ദ്രൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ നൽകും.
- സിപിഐയുടെ മന്ത്രിമാരും ഡപ്യൂട്ടി സ്പീക്കറും ഒരു മാസത്തെ ശമ്പളം നൽകും.
- തെലുങ്ക് നടൻ വിജയ് ദേവരുകൊണ്ട അഞ്ചു ലക്ഷം രൂപ നൽകി